സർക്കാർ ജീവനക്കാരുടെ ഡി.എ. നൽകുന്നതിനുള്ള ബഡ്ജറ്റ് വിഹിതം

18 (2731) ശ്രീ. ടി. എം. ജേക്കബ്ബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷത്തേക്ക് സർക്കാർ ജീവനക്കാർക്ക് ഡി. എ. നൽകുന്നതിനായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് ;

(ബി) ഇതിൽ എത്ര കോടി രൂപ 2000 ഫെബ്രുവരി 29 വരെ ചെലവായിട്ടുണ്ട് ;

(സി) മിച്ചം എത്ര തുകയുണ്ട് ;

ഉത്തരം

(എ) 905.54 കോടി രൂപ

(ബി &സി) ക്ഷാമബത്തയുടെ പ്രത്യേകം കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമല്ല.

സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം.

19 (2732) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ 1998-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ സാങ്കേതിക വിഭാഗത്തിലെ നോൺ ക്ലറിക്കൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം പിന്നീട് പ്രഖ്യാപിയ്ക്കുമെന്ന് പറഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതനുസരിച്ച് സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളം ഉയർന്ന സ്കെയിലിൽ പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരണം എന്ന് പ്രഖ്യാപിക്കുമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1998-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ചില ക്ലാർക്കിതര സാങ്കേതിക വിഭാഗം ജീവനക്കാരുടെ തുടക്ക ശമ്പള സ്കെയിൽ ഉയർത്തുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.

(ബി &സി) 25-11-1998-ൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങളെ നോൺ ക്ളറിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തി തൊട്ടടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്ന സ്കെയിൽ നൽകിയിട്ടുണ്ട്. ക്ലാർക്കിതര വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിൽ ഏതൊക്കെ നോൺ ക്ലറിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തി തൊട്ടടുത്ത ഉയർന്ന സ്കെയിൽ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധന നടന്നു വരികയാണ്.

ജൂനിയർ സൂപ്രണ്ട് -ഫെയർ കോപ്പി സൂപ്രണ്ട് പാരിറ്റി

20 (2733) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ എന്നിവർ ചേർന്ന് 8-7-1999-ൽ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) ജൂനിയർ സൂപ്രണ്ട്, ഫെയർ കോപ്പി സൂപ്രണ്ട് പാരിറ്റി പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ ശമ്പള പരിഷ്കരണ കമ്മിറ്റി ശുപാർശ പ്രകാരം എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ ;

(സി) പാരിറ്റി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ എന്നിവർ നൽകിയ നിവേദനം പരിശോധിയ്ക്കുകയും പ്രസ്തുത തസ്തികകൾക്ക് ശമ്പള പരിഷ്ക്കരണം വഴി സമാന പുതുക്കിയ ശമ്പള സ്കെയിൽ നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ആയതിനാൽ അനന്തര നടപടികൾ ആവശ്യമില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

(ബി) പ്രസ്തുത പാരിറ്റി ശമ്പള പരിഷ്ക്കരണ കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായില്ല.

(സി) പരിശോധനയിലാണ്.

വാർദ്ധക്യകാല പെൻഷൻ

21 (2734) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് ഇന്ന് നിലവിലുള്ള കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് സിസ്റ്റം നിലനിർത്തുവാൻ സർക്കാർ ഖജനാവിൽനിന്നും ഭീമമായതുക ചെലവിടുന്ന സാഹചര്യത്തിൽ ഈ ഗ്രാന്റ് തുക മറ്റൊരു ഫണ്ട് രൂപീകരിച്ച് അതിൽ നിക്ഷേപിക്കുവാനും അതിന്റെ പലിശ ഉപയുക്തമാക്കി ജീവനക്കാർക്ക് വാർദ്ധക്യകാല പെൻഷൻ ഏർപ്പെടുത്തുവാനും സർക്കാരിന് ആലോചനയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly